മണൽ വാരുന്നതിനുള്ള മാനദണ്ഡങ്ങൾ

224 (3201) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിൽ നദികളിൽനിന്നും പുഴകളിൽനിന്നും മണൽ വാരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; ഇപ്രകാരം വാരുന്ന മണൽ അതത് ജില്ലകളിൽ മാത്രമേ വിതരണം ചെയ്യാവൂ എന്ന നിർദ്ദേശമുണ്ടോ ;

(ബി) പുഴകളിൽനിന്നും മണൽ ലഭ്യമല്ലാത്ത ആലപ്പുഴ ജില്ലയിലേക്ക് റെസിഡൻഷ്യൽ കൺസ്ട്രക്ഷൻ ലക്ഷ്യത്തിനായി കോട്ടയത്തുനിന്നും മണൽ പാസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടിലെ 4-ാം വകുപ്പ് പ്രകാരം ഒരു ജില്ലയിൽ സ്ഥിതി ചെയ്യുന്ന ഓരോ കടവിലേയും അഥവാ നദീതീരത്തിലേയും മണൽ വാരൽ നിയന്ത്രിക്കുന്നതിനുള്ള അധികാരം ഈ ആവശ്യത്തിലേക്കായി ജില്ലാ കളക്ടർ രൂപീകരിക്കുന്ന കടവ് കമ്മിറ്റിക്കാണ്. നദികളിൽ നിന്നും മണൽ ഖനനം ചെയ്യുന്നതിന് മണൽ ഓഡിറ്റ് റിപ്പോർട്ട് സഹിതം അപേക്ഷ നൽകി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ അനുമതി നേടണമെന്ന് സ.ഉ (എംഎസ്.) നമ്പർ 2/2014/ പരിസ്ഥിതി തീയതി 21-2-2014 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മണൽ ഖനനം നടത്തുന്നതിന് ഇപ്പോൾ നിലനിൽക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും മണലിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും വേണ്ടി മണൽ ഓഡിറ്റ് പൂർത്തിയാക്കപ്പെട്ടിട്ടുള്ള 20 നദികളിൽനിന്നും മണൽ ഖനനം ചെയ്യുന്നതിന് നിയമാനുസൃത അനുവാദം നൽകുന്നതിനും ആയതിലേക്കുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഉടനടി സമർപ്പിക്കേണ്ടതാണെന്നും എന്നാൽ ഓഡിറ്റിംഗ് പൂർത്തിയാക്കപ്പെട്ടിട്ടില്ലാത്ത നദികളിൽ നിന്നും മൂന്ന് മാസം വരെ മണൽ ഖനനം നടത്തുന്നതിന് താൽക്കാലിക അനുമതിക്കുള്ള അനുവാദം സ.ഉ (കൈ) നമ്പർ 13/2014 പരിസ്ഥിതി തീയതി 15-11-2014 പ്രകാരം നൽകിയിട്ടുണ്ട്. 2002-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 29 ഉപചട്ടം 1 ബി ഖണ്ഡപ്രകാരം ഒരു ജില്ലയ്ക്ക് പുറത്തോ സംസ്ഥാനത്തിന് പുറത്തോ മണൽ കൊണ്ടുപോകുന്നതിന് ജില്ലാ കളക്ടർ ഇതിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നൽകുന്ന പെർമിറ്റ് ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) നിലവിലുള്ള ചട്ടപ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ഇത് സംബന്ധിച്ച് നടപടി കൈക്കൊള്ളുന്നതിന് അധികാരമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly